**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3857** **27-06-2024 - ൽ മറുപടിയ്ക്ക്**

**വന്യമൃഗ ശല്യം രൂക്ഷമാകുന്ന മേഖലകളിലെ ക്ഷീര കൃഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. സജീവ് ജോസഫ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കർഷകർ ഉപജീവനത്തിന് ആശ്രയിക്കുന്ന ക്ഷീരമേഖല കടുത്ത പ്രതിസന്ധി നേരിടുകയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ക്ഷീരമേഖലയിൽ കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് ഒട്ടേറെ പദ്ധതികൾ ക്ഷീരവികസന വകുപ്പും മൃഗസംരക്ഷണ വകുപ്പും ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. |
| (ബി) | വന്യമൃഗ ആക്രമണത്തെ തുടർന്ന് വയനാട് സന്ദർശിച്ച മന്ത്രിതല സംഘം വന്യമൃഗ ശല്യം രൂക്ഷമാകുന്ന മേഖലകളിൽ ക്ഷീരകൃഷി നിർത്തലാക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശം വകുപ്പിന് ലഭിച്ചിട്ടുണ്ടോ; | (ബി) | വന്യമൃഗ ആക്രമണത്തെ തുടർന്ന് വയനാട് സന്ദർശിച്ച മന്ത്രിതല സംഘം വന്യമൃഗ ശല്യം രൂക്ഷമാകുന്ന മേഖലകളിൽ ക്ഷീരവൃത്തി നിർത്തലാക്കണം എന്ന് നിർദ്ദേശിച്ചിട്ടില്ല. |
| (സി) | എങ്കിൽ പ്രസ്തുത വിഷയത്തിന്മേൽ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | പ്രസ്തുത വിഷയം സംബന്ധിച്ച് പരാതികൾ/ നിർദ്ദേശങ്ങൾ എന്നിവ ലഭ്യമാകുന്ന മുറയ്ക്ക് അവ പരിശോധിച്ച് ഉചിതമായ നടപടി കൈക്കൊള്ളുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ